# അറബി പയ്യൻ അല്ല.

## “അറബികളും അനറബികളുമുൾപ്പടെ അല്ലാഹുവിന്റെ മുഴുവൻ സൃഷ്ടികളിലും ഉത്തമനാണ് നബി(സ)”

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**കഴിഞ്ഞ ദിവസം സാദിഖ് അയച്ച മെയിലിൽ നിന്ന് ചിലവരികൾ കാണുക.**

കേരള ജനതക്കിടയിൽ ജാതിമതഭേദമന്യേ സ്വീകാര്യനായ ബഹുമാനപ്പെട്ട എം.എം. അക്ബറിനെതന്നെ ഇരയാക്കുക എന്ന പുതിയ തന്ത്രവുമായാണ് ഇവരുടെ ഇപ്പോഴത്തെ അരങ്ങേറ്റം.................
യഥാർത്ഥ ഇസ്ലാം ജനങ്ങൾക്കെത്തിക്കുന്ന നിച്ച്ഓഫ് ട്രൂത്തിനെ അവഹേ ളിക്കാനാണ് ചെരുമ്പയുടെ ഇപ്പോഴത്തെശ്രമം............

**സുഹൃത്തേ, ഹിന്ദു-കൃസ്ത്യുമത വിഭാഗത്തിന് നമ്മുടെപ്രവാചകനെ(സ) ഇകഴ്ത്തിക്കൊണ്ടാണോ ഇസ്‌ലാമിനെ പരിചയപ്പെടുത്തേണ്ടത് ? ഇത് ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് സാധ്യമാകുന്നതെങ്ങനെ ? നിങ്ങളുടെ നേതാക്കളെക്കുറിച്ച് പേരോട് എന്തെങ്കിലും പറഞ്ഞ് പോയാൽ നിങ്ങൾ കയർക്കാറില്ലേ ? ഈ ആവേശം പ്രവാചകന്റെ(സ) കാര്യത്തിൽനിങ്ങൾക്കില്ലാത്തത് എന്ത് കൊണ്ട് ? നമ്മുടെ ജീവന്തുല്യമായി സ്നേഹിക്കുന്ന പ്രവാചകനെ(സ) ഇകഴ്ത്തിക്കൊണ്ട് പ്രസംഗിച്ചതിനെ, അത്ശരിയായില്ല എന്ന്പറഞ്ഞപ്പോൾ“നിച്ച് ഓഫ്ട്രൂത്ത്”നെ അവഹേളിക്കാനാണെന്നുള്ള താങ്കളുടെ ആരോപണം ശരിയല്ല സഹോദരാ. സത്യം ബോധ്യപ്പെട്ടപ്പോൾ മറുപടിപറയാനൊന്നും കിട്ടാതെ വരുമ്പോഴാണ് താങ്കൾ ഇത്തരം തമാശകൾ പറയുന്നത്. ഒരു തെറ്റ് ചൂണ്ടിക്കാണിക്കുമ്പോൾ ആതെറ്റ് തിരുത്തുകായാണ് മാന്യതയുള്ളവർ ചെയ്യേണ്ടത്. അല്ലാതെ എന്തെങ്കിലും ദുർന്യായങ്ങൾപറഞ്ഞ് തടിയൂരാൻ ശ്രമിക്കുകയല്ല വേണ്ടത്. അവഹേളിക്കുകയും തെറിവിളിക്കുകയും ചെയ്യുന്നത് ആരാണെന്ന്നെറ്റിലുള്ള വായനക്കാർക്ക് നല്ലവണ്ണം അറിയാം. അത് താങ്കളോ ഈ വിനീതനോ പറഞ്ഞ് അറിയിക്കേണ്ട ആവശ്യമില്ല.**

**സാദിഖിന്റെ അടുത്ത വരികളിലേക്ക് :**

പ്രവാചകൻ 40 വയസ്സുവരെ ഒരു സാധാരണ പയ്യനായിരുന്നു എന്ന ഒരുവാചകംമാത്രം അടർത്തിയെടുത്തു പ്രകോപനം ഉണ്ടാക്കുകയാണ് ചെരുമ്പയും പേരോടും ചെയ്തിരിക്കുന്നത്. അക്ബർ പറഞ്ഞവാചകം കാണുക:

**“ മുഹമ്മദ്നബി(സ)ഒരു മനുഷ്യനായിരുന്നു അദ്ദേഹംഒരുമനുഷ്യനായിരുന്നു. ഞാൻ പറഞ്ഞല്ലോ നാൽപത് വയസ്സ്വരെ അറബികൾക്കിടയിൽ ജീവിച്ച ഒരു സാധാരണ അറബി പയ്യൻ ”**

**അതിലെന്തോ കൂട്ടുകയോ കുറക്കുകയോ ചെയ്ത പോലെ അതൊന്ന് കാണാൻ താങ്കൾ പറഞ്ഞല്ലോ എന്താണ് താങ്കൾക്ക് മനസ്സിലായത് ? ഇത്തരത്തിൽ ഇകഴ്ത്തിപ്പറഞ്ഞാലെ മറ്റുള്ളവർക്ക് ഇസ്‌ലാം മനസ്സിലാവുകയുള്ളൂയെന്നാണോ സാദിഖിന്റെ കണ്ടുപിടുത്തം. ? സ്വന്തം നേതാക്കൾ അബദ്ധംപറഞ്ഞതിനെ മറ്റ്മതക്കാരെ ഇസ്‌ലാമിനെപരിചയപ്പെടുത്തുന്ന പേരുംപറഞ്ഞ് ഇവിടെന്ന് തൽക്കാലം തടിയൂരാം. പക്ഷെ അല്ലാഹുവിന്റെ മുമ്പിൽ ഇത്തരം തട്ടിപ്പുകൾ നടക്കില്ല സുഹൃത്തേ,**
**വാചകം അടർത്തിയെടുത്തുവെന്ന് പറയുന്ന താങ്കളോട്, അടർത്താത്ത ഭാഗങ്ങൾ ചേർത്ത് ഇതിനെ നന്നാക്കിയെടുക്കാമോ ? വേണമെങ്കിൽ നെറ്റിലുള്ള മുഴുവൻമുജാഹിദുകളെയും സഹായംആവശ്യപ്പെട്ടുകൊള്ളുക. കഴിഞ്ഞ ദിവസം ബഷീർസാഹിബിനോട് ഇത് അവശ്യപ്പെട്ടിട്ട് ഒരുവിവരവുമില്ല. ചിലപ്പോൾ അതിന്റെഭാഗങ്ങൾ തേടിപ്പിടിക്കുന്നുണ്ടാവാം എന്ന് മനസ്സിലാക്കുന്നു.**

**ഒരു പണ്ഡിതന്റെ പ്രസംഗം എടുത്ത് സാദിഖ് പറയുന്നു.**
**സാദിഖിന്റെ വരികളിലേക്ക് :**
പ്രവാചകനെപയ്യൻ എന്ന്വിളിച്ച്പ്രകോപനമുണ്ടാക്കുന്ന മുസ്ല്യാരേ, കണ്ടോളൂ ഒരുപുരോഹിതൻ പ്രവാചകനെ വിശേഷിപ്പിക്കുന്നത്, നീ.. നീ.. എന്ന് വിളിച്ചുകൊണ്ടാണ്. മുസ്ല്യാർ പറയുന്നത് ഇങ്ങിനെ :



“മുഅ്മിനായ മനുഷ്യനുണ്ടായിരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ഇഷ്ഖ്..ഇഷ്കോ മുഹബ്ബത്. ഓ റസൂൽ നീ ജീവിച്ചിരിപ്പുണ്ട്, നീ ജിവിച്ചിരിപ്പുണ്ട്, നീ ജീവിച്ചിരിപ്പുണ്ട്, മലയാളത്തിൽ അങ്ങിനെ പറഞ്ഞാൽ ചിലപ്പോൾ നാം കോപിക്കും, നീ ജിവിച്ചിരിപ്പുണ്ട്, നീ ജീവിച്ചിരിപ്പുണ്ട്, ഒരിക്കലും നീ മറഞ്ഞിട്ടില്ല, എൻെറ കൺമുന്നിൽ നിന്ന് മറഞ്ഞു എന്നല്ലാതെ എൻലോകത്തുനിന്നും നീ വിട പറഞ്ഞിട്ടില്ല”

മുസ്ല്യാർ പറയുന്നത് കേൾക്കുവാൻ ഇവിടെ ക്ലിക്ക് ചെയ്യുക ( )

**സാദിഖ് അയച്ച ക്ലിപ്പ് കാണാൻ ക്ലിക്ക് ചെയ്യുക.**
**ഒരു ഉർദുകാവ്യത്തിൽ പറഞ്ഞതിനെ അദ്ദേഹം എടുത്ത് പറയുകയാണ് ചെയ്തത് മാത്രമല്ല മലയാളത്തിൽ അത് പറഞ്ഞാൽ നാം ചിലപ്പോൾ കോപിക്കും എന്നും അദ്ദേഹം പറയുന്നുണ്ട്. ആ ക്ലിപ്പിന്റെ ടെക്സ്റ്റ് ചേർത്തതിൽ തന്നെ സാദിഖ് സത്യം പറഞ്ഞത് കാണുക. സുന്നി വിരോധം കാരണം സലഫിയുടെ തട്ടിപ്പ് സാദിഖിനും മനസ്സിലായില്ലന്നർത്ഥം.**

നാം എന്ന് പറഞ്ഞതിൽ നിന്ന് അദ്ദേഹത്തെയും കൂടി ചേർത്തിപ്പറഞ്ഞത് സലഫി ഒഴിവാക്കുകയും അവിടെ നിങ്ങൾ എന്ന് സലഫി കൂട്ടിച്ചേർക്കുകയും ചെയ്തത് മാന്യ വായനാക്കാർ കാണുക. ഈ ക്ലിപ്പ് സാദിഖ് അയച്ചതിനാൽ സലഫിയുടെ ഒരു തട്ടിപ്പും കൂടെ പിടികൂടാനായി എന്നല്ലാതെ അഷ്റഫുൽ ഖൽഖ്(സ)യെക്കുറിച്ച് അദ്ദേഹം സ്വന്തമായി നീ എന്ന് പറയുന്നില്ല എന്നുള്ളത് ആക്ലിപ്പ് കേൾക്കുന്ന ഏതൊരാൾക്കും വ്യക്തമാകുന്നതാണ്. അതിൽ എന്താണ്പറയുന്നതെന്ന് പോലുംചിന്തിക്കാതെ അതങ്ങനെതന്നെ നെറ്റിൽ ക്ലിപ്പുമായിവന്ന സാദിഖിന്റെ കാര്യമാണ് വളരെകഷ്ടം അദ്ദേഹം കൊണ്ട് വന്ന ക്ലിപ്പ് അദ്ദേഹത്തിന് തന്നെ എതിരായത് സത്യത്തെ അസത്യംകൊണ്ട് നേരിടുന്നവർക്ക് അല്ലാഹു കൊടുക്കുന്ന ശിക്ഷയാണെന്ന് നമുക്ക് മനസ്സിലാക്കാം. നെറ്റിലുള്ള മുജാഹിദുകളേ, അത്പോലെ നിഷ്പക്ഷമതികളേ സാദിഖ്അയച്ച ക്ലിപ്പൊന്ന് നിങ്ങൾകാണുക. എന്നിട്ട് മുജാഹിദ് പ്രസ്ഥാനത്തെ നിങ്ങൾ മനസ്സിലാക്കുക. ഇത് എന്തിനാണ് സാദിഖ് കഷ്ടപ്പെട്ട് ഇവിടെ കൊണ്ട് വന്നത് എന്നതുംകൂടി നിങ്ങൾ കണക്കിലെടുക്കണം. അവരുടെ വലിയ നേതാവ് എം എം അക്ബർ സാഹിബ് നബി(സ)യെ സാധാരണ അറബിപ്പയ്യൻ എന്ന് പറഞ്ഞതിനെ പ്രതിരോധിക്കാൻ വേണ്ടിയാണ് സലഫി ഇത് നാദാപുരത്ത് ക്ലിപ്പാക്കിയതും സാദിഖ് അതിനെ നമുക്ക് മെയിലയച്ചതും.

**സാദിഖിന്റെ അടുത്ത വരികളിലേക്ക് :**

അക്ബർ,പ്രവാചക(സ)നെ പയ്യൻഎന്ന്വിളിച്ചതായിതെളിയിക്കുക.

**സുഹൃത്ത് സാദിഖേ, ഇതാ തെളിയിക്കുന്നു. ശ്രദ്ധിച്ച് കാണുക ( ക്ലിക്ക് )**

**സാദിഖിന്റെ അടുത്ത വരികളിലേക്ക് :**

മുഹമദ്നബി(സ) 40വയസ്സിന് മുമ്പും പ്രവാചകനായിരുന്നു എന്ന് തെളിയിക്കുക.

**ഈ ചോദ്യം സാദിഖ് മാത്രമല്ല, പല മുജാഹിദ് സുഹൃത്തുക്കളും എനിക്ക് ഫോൺ വിളിച്ച് ചോദിച്ചതിനാൽ 40 വയസ്സിന്മുമ്പുള്ള മുഹമ്മദ്(സ)യെക്കുറിച്ച് ചെറിയ ഒരു വിവരണം തന്നെ ഉൾപ്പെടുത്താം ഇൻശാഅല്ലാഹ്.**

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ

**( നബിയേ) ലോകത്തുള്ളവർക്കെല്ലാം കാരുണ്യമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല (സൂറത്തുൽ അമ്പിയാഅ്)**

ലോകത്ത് കഴിഞ്ഞ്പോയതും വരാനിരിക്കുന്നതുമായ സർവ്വ സൃഷ്ടികൾക്കും കാരുണ്യമായിട്ടാണ് നബി(സ)യെ അയച്ചതെന്ന് വിശുദ്ധഖുർആൻ പറയു മ്പോൾ മുജാഹിദ് പറയുന്നു. അതൊരു സാധാരണ പയ്യനായിരുന്നു വെന്ന് പറഞ്ഞാൽ ഈമാനുള്ള ഒരുമനുഷ്യന് ഉൾക്കൊള്ളാൻ സാധ്യമല്ല. പ്രകോപന മെന്ന് പറഞ്ഞ് ഇതിനെ മറ്റൊരു അർത്ഥത്തിൽ വ്യാഖ്യാനിക്കരുത് വിഷയ ത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ തയ്യാറാവുകയാണ് വേണ്ടത്. ഇവിടെ പ്ര കോപനമുണ്ടാക്കി നമുക്കൊന്നും നേടാനില്ല. അങ്ങിനെയുള്ളവരിൽ നിന്ന് അല്ലാഹു നമ്മെ കാക്കട്ടെ.

അശ്റഫുൽ ഖൽഖ്(സ)ക്ക് നമ്മോട് എത്രത്തോളം സ്നേഹമുണ്ടെന്നും അവി ടെന്ന് നമ്മോടുള്ള അലിവ് എത്ര ശക്തിയായിരുന്നുവെന്നും ഖുർആൻ എടു ത്ത് പറയുന്നത് കാണുക.

لَقَدْ جَاءكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَؤُوفٌ رَّحِيمٌ (128)

“സ്വന്തത്തിൽ (നിങ്ങളിൽ) നിന്നു തന്നെയുള്ള ഒരുറസൂൽ നിങ്ങളുടെ അടു ത്തേക്ക് ഇതാ വന്നിരക്കുന്നു. നിങ്ങൾ ക്ലേശിക്കുന്നത് അദ്ദേഹത്തിന് അസ ഹ്യമാണ്. നിങ്ങൾസന്മാർഗികളാകുന്നതിൽ അത്യാഗ്രഹിയുമാണദ്ദേഹം; സത്യ വിശ്വാസികളോട് വളരെ അലിവും കനിവുമുള്ള ആളും.” (അത്തൗബ 128)

നമ്മൾ അതിരറ്റ് സ്നേഹിക്കുന്ന പ്രാവചകൻ(സ)ക്ക് നുബുവ്വത്തിന്മുമ്പ് പ്ര വാചകനായിരുന്നോ എന്ന്നിങ്ങൾ ചോദിച്ചല്ലോ. എങ്കിൽ 40 വയസ്സിന് മുമ്പ് മക്കയിൽ ജീവിച്ച മുഹമ്മദ്മുസ്തഫ(സ)യെക്കുറിച്ച് ചരിത്രം എന്ത് പറഞ്ഞു വെന്ന് നമുക്ക് പരിശോധിക്കാം.

തിരുനബി(സ)യെ ഗർഭം ധരിച്ച സമയത്ത് ആമിനബീവി ഒരശരീരി കേട്ടതാ യി അവർ പറയാറുണ്ടായിരുന്നു. ഈ സമുദായത്തിന്റെ നേതാവിനെയാണ് നിങ്ങൾ ഗർഭം ചുമന്നിരിക്കുന്നതെന്നും പ്രസവിച്ച ഉടനെ എല്ലാഅസൂയക്കാ രുടെ ശല്യങ്ങളിൽ നിന്നും ഏകനായ അല്ലാഹുവിനോട് കുട്ടിക്ക് വേണ്ടി കാവ ൽ ചോദിക്കണമെന്നുമായിരുന്നു ആ അശരീരി. അതിന്റെ അടയാളമായി ശാമിലെ കോട്ടകൾ നിറയുന്ന പ്രകാശത്തെ നിങ്ങൾകാണുമെന്നും മുഹ മ്മദ് എന്ന് കുട്ടിക്ക് നാമകരണം ചെയ്യണമെന്നും ശബ്ദം തുടർന്ന് പറഞ്ഞു. തൗറാത്തിലും ഇഞ്ചീലിലും അവരുടെപേര് അഹ്മദ് എന്നാണെന്നും, വിശു ദ്ധ ഖുർആനിലെ നാമം മുഹമ്മദ് എന്നായിരിക്കുമെന്നും ആകാശ ഭൂമികളി ലുള്ളവർ അവരെ പുകഴ്ത്തുമെന്നും ആ അശരീരിയിലുണ്ടായിരുന്നു. തിരു നബി(സ) ജനന സമയത്ത് കിസ്റയുടെ സിംഹാസനം വിറകൊ ണ്ടിരു ന്നതാ യും അതിൽനിന്ന് 14 തീപ്പൊരികൾ വീണുവെന്നും പേർഷ്യക്കാർ ആരാ ധിച്ചിരുന്ന അഗ്നികുണ്ടം അണഞ്ഞു പോയതായും പറയപ്പെട്ടിട്ടുണ്ട്.

നബി(സ)യുടെ ജനനത്തിന് ശേഷം രണ്ട് വർഷം കഴിഞ്ഞ് എത്യോപ്യയിൽ രാജാവായി സൈഫ് ബിന് ദീയസിൻ ചുമതലയേറ്റപ്പോൾ അബ്ദുൽ മുത്തലി

ബ് ഉൾപ്പെടെയുള്ള ഒരു അറേബ്യൻ സംഘം ആശംസകൾ നേരാൻ കൊട്ടാരത്തിലെത്തി. അപ്പോൾ അബ്ദുൽ മുത്തലിബിനോട് രാജാവ് പറഞ്ഞു. " ഞാൻ വിശുദ്ധമായ ഗ്രന്ഥത്തിൽ വലിയൊരു വാർത്ത കാണുന്നു. അതായത് തിഹാമയിൽ (മക്കയും പരിസരപ്രദേശവും) ചുമലുകൾക്കിടയിൽ അടയാളമുള്ളകുട്ടി ജനിച്ചാൽ നേതൃത്വം ആകുട്ടിക്കാണ്. അന്ത്യ നാൾ വരെ നിങ്ങൾക്ക് ആ കുട്ടി സഹായവും കാവലുമായിരിക്കും. മാതാവും പിതാവും മരിച്ചാൽ പിതാമഹനും പിതൃസഹോദരനും കുട്ടിയെ പരിപാലിക്കും. അല്ലാഹു അവരെ സുപ്രസിദ്ധവും പരസ്യവുമായി നിയോഗിക്കും. ബിംബങ്ങൾ തരിപ്പണമാവും. വിധി നിർണ്ണയം നീതിപൂർണ്ണമായിരിക്കും നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും. അതെ- നിങ്ങളാണ് ആ കുട്ടിയുടെ പിതാമഹൻ. തൽക്ഷണം അബ്ദുൽ മുത്തലിബ് രാജാവിന്റെ കാൽക്കൽ വീണ്കൊണ്ട് പറഞ്ഞു. ശരിയാണ് രാജാവേ എനിക്ക് ഒരു മകനുണ്ടായിരുന്നു, അവന് ആമിന എന്ന ഭാര്യയിലൂടെ ജനിച്ച കുട്ടിക്ക് ഞാൻ മുഹമ്മദ് എന്ന് പേരിട്ടിട്ടുണ്ട്. പിതാവും മാതാവും മരണപ്പെട്ടുപോയ ശേഷം ഞാനാണ് ആ കുട്ടിയെ പരിപാലിക്കുന്നത്." രാജാവ് തുടർന്നു." ജൂതന്മാരെ നിങ്ങൾ സൂക്ഷിക്കണം. അവർ ആ കുട്ടിയുടെ ശത്രുക്കളാണ്. പക്ഷേ അവർക്ക് കുട്ടിയെ ഒന്നും ചെയ്യാൻ സാധിക്കില്ല തന്നെ. യസ്രിബ് (മദീനയുടെ പഴയ പേര്) കാർ തിരുമേനിയുടെ സഹായികളാണെന്നും അവിടെയാണ് അവരുടെ അന്ത്യവിശ്രമമെന്നും ഞാൻ കാണുന്നു."

അനസ്(റ) നിവേദനം ചെയ്യുന്നു. തിരുനബി(സ)തങ്ങളുടെ ചെറുപ്പകാലത്ത് മറ്റ് കുട്ടികളോടുകൂടെ കളിച്ച് കൊണ്ടിരിക്കെ ഒരു ദിവസം ജിബ്രീൽ(അ) വന്നു. നബി(സ)യുടെ നെഞ്ച് പിളർന്ന് ഹൃദയം പുറത്തെടുക്കുകയും പിന്നീട് ഹൃദയം പിളർന്ന് ഒരു രക്തപിണ്ഡം പുറത്തെടുത്ത് ഒഴിവാക്കുകയും ചെയ്തു. ഇത് നിങ്ങളിലെ പിശാചിന്റെ സ്വാധീന വിഹിതമായിരുന്നു എന്ന് ജിബ്രീൽ(അ) പറഞ്ഞു. പിന്നീട് അത് സ്വർണ്ണ തളികയിൽ കഴുകി സത്യ വിശ്വാസവും ദൈവിക വിദ്യയും നിറച്ചു പൂർവ്വസ്ഥാനത്ത് സ്ഥാപിച്ചു. ആതിരു നെഞ്ചിൽ അന്ന് തുന്നിയ അടയാളമുള്ളത് താൻ കണ്ടിരുന്നു. അനസ്(റ) പറഞ്ഞിട്ടുണ്ട്.(മുസ്‌ലിം) അല്ലാഹുവേ ഈ പ്രവാചകനെ ഇകഴ്ത്തുന്നവരിൽ നിന്ന് ഞങ്ങളെ നീ കാക്കണേ നാഥാ....

അബൂത്വാലിബ് തന്റെ ശാമിലേക്കുള്ള ഒരു യാത്രയിൽ തിരുമേനി(സ)യെയും ഒന്നിച്ചു കൂട്ടി. യാത്രയിൽ സംഘം വിശ്രമിക്കാനിറങ്ങിയ സ്ഥലത്തിനടുത്ത് ബുഹൈറാ എന്ന് പേരുള്ള ഒരു പുരോഹിതൻ താമസിച്ചിരുന്നു. ഒരു വലിയ കൃസ്ത്യൻ പണ്ഡിതനായിരുന്നു അദ്ദേഹം. പതിവിന് വിപരീതമായി അദ്ദേഹം തന്റെ ആരാധനാ ഗൃഹത്തിൽനിന്നിറങ്ങി യാത്രാസംഘത്തിനടുത്ത് ചെന്നു. തുടർന്ന് തിരുമേനിയുടെ കരം ഗ്രഹിച്ചുകൊണ്ട് പറഞ്ഞു. ഈ കുട്ടി ലോകത്തിന്റെ നേതാവാണ്. ലോകരക്ഷിതാവിന്റെ തിരുദൂതരാണ്. ലോകാനുഗ്രഹിയായി നിയോഗിക്കപ്പെടുന്നവരാണ്. തൽസമയം സംഘത്തിലെ ചില ഖുറൈശി പ്രമുഖർ ചോദിച്ചു താങ്കൾക്കെങ്ങനെ അറിയാം ? പുരോ

ഹിതൻ പറഞ്ഞു നിങ്ങൾ വരുന്ന വഴിയിലെ എല്ലാ കല്ലുകളും മരങ്ങളും ഈ കുട്ടിക്ക് വണങ്ങുന്നുണ്ടായിരുന്നു. ഒരു നബിയെ മാത്രമാണവ വണങ്ങാറുള്ളത് പ്രവാചകത്വമുദ്ര ഈ മേനിയുടെ പിരടിക്ക് താഴെ ഒരാപ്പിൾ പോലെ പതിഞ്ഞിരിക്കുന്നതും ഞാൻ കാണുന്നു. പിന്നീട് അദ്ദേഹം തിരിച്ച് പോയി സംഘത്തിന് വേണ്ടി ഭക്ഷണം തയ്യാറാക്കി തിരുമേനിയെ വിളിക്കാൻ ആളെ അയച്ചു. തിരുമേനി(സ) നടന്ന് വരുമ്പാൾ മേഘങ്ങൾ തണൽ വിരിച്ചു നീങ്ങുന്നത് അവരെല്ലാവരും ശ്രദ്ധിച്ചു

ഇബ്ന് ഇസ്ഹാഖ് നിവേദനം ചെയ്യുന്നു. ഖദീജ ബീവി(റ)പണവും പ്രതാപവുമുള്ള ഒരു വ്യാപാരിയായിരുന്നു. മൈസറ എന്ന തന്റെ അടിമയോടൊപ്പം വ്യാപാരത്തിനായി ശാമിലേക്ക് പോകാൻ തയ്യാറാണോ എന്ന് അവർ നബിയോടന്വേഷിച്ചു. തിരുമേനി സമ്മതിക്കുകയും മൈസറയോടൊന്നിച്ചു യാത്ര തിരിക്കുകയും ചെയ്തു. യാത്രാമധ്യേ ഒരു മരത്തണലിൽ അവർ വിശ്രമിച്ചു. മരത്തിനടുത്ത് താമസിച്ചിരുന്ന ഒരു പുരോഹിതൻ തന്റെ ആരാ ധനാ ഗേഹത്തിൽനിന്നറങ്ങി വന്ന് മൈസറത്തിനോട് ഇവർ ആരാണ് ? എന്ന് ചോദിച്ചു. ഹറംവാസികളിൽപെട്ട ഖുറൈശിക്കാരിൽ ഒരാളാണെന്ന് മൈസറ പ്രവചിച്ചു. തൽസമയം പുരോഹിതൻ പറഞ്ഞു. ഈ മരത്തണലിൽ ന ബിയല്ലാത്ത ആരും വിശ്രമിച്ചിട്ടില്ല. ചൂടുള്ള ദിവസങ്ങളിൽ ഒട്ടകപ്പുറത്ത് യാ ത്ര ചെയ്യുന്ന തിരുനബി(സ)ക്ക് മലാഖമാർ തണൽ വിരിക്കുന്നത് കാണാമായിരുന്നുവെന്നും മൈസറ പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രവാചകത്വത്തിന് മുമ്പ് നടന്ന മറ്റൊരു സംഭവവും കൂടികാണുക.
അംറ് ബിൻ ദീനാർ(റ)പറയുന്നു. ജാബിർ ബിൻ അബ്ദുല്ല(റ) പറയുന്നതായി ഞാൻകേട്ടു. കഅ്ബംപുനർനിർമ്മിക്കുന്നസന്ദർഭത്തിൽ നബി(സ)യുംഅബ്ബാസ് (റ)യും കല്ലുകൾ കൊണ്ട്വരാൻ പോയി. ആസന്ദർഭത്തിൽ അബ്ബാസ്(റ) നബി(സ)യോട് പറഞ്ഞു.(പിരടി വേദനിക്കാതിരിക്കാൻ) നിങ്ങളുടുത്ത തുണി പിരടിയിൽ വെക്കുക(അങ്ങനെചെയ്തപ്പോൾ) നബി(സ)ബോധംകെട്ട് ഭൂമിയിലേക്ക് വീഴുകയും രണ്ട്കണ്ണും ആകാശത്തേക്ക് ഉയർത്തുകയും ചെയ്തു. ( ബുഖാരി )
ഈ ഹദീസിന്റെ വിശദീകരണത്തിൽ "ഫത്ഹുൽ ബാരിയിൽ" പറയുന്നതും കൂടികാണുക : ബോധം വന്നതിന്ശേഷം അബ്ബാസ്(റ)നബിയോട് ചോദിച്ചു. നിങ്ങൾക്ക് എന്ത് സംഭവിച്ചു. ? അപ്പോൾ നബി(സ)പറഞ്ഞു. ഞാൻനഗ്നമായി നടക്കുന്നത് വിലങ്ങപ്പെട്ടതാണ്. അവിടെന്ന് അഞ്ച്വർഷം കഴിഞ്ഞതിനു ശേഷമാണ് നബി (സ)ക്ക് നുബുവ്വത്ത് (പ്രവാചകത്വം) ലഭിച്ചത്.

ജാബിർ(റ) പറയുന്നു. തിരുനബി(സ) അരുളി." മക്കയിലെ ഒരു കല്ല് നബിയായിനിയോഗിക്കപ്പെടുന്നതിന് മുമ്പ് തന്നെ സ്ഥിരമായി എനിക്ക് സലാം പറയാറുണ്ടായിരുന്നു.( മുസ്ലിം, തിർമിദി) ഈ കല്ല് ഹജറുൽ അസ് വദാണെന്നും അല്ലെന്നും അഭിപ്രായങ്ങളുണ്ട്. അബ്ദുല്ലാഹി ബിന് മസ് ഊദ്(റ) പറയുന്നു. മക്കയിൽ ഞാൻ നടക്കുന്ന വഴിയിൽ, ഒരു കല്ല് തിരു നബി(സ)അതിന്റെ സമീപ

ത്ത് കൂടെ നടക്കുമ്പോഴെല്ലാം അസ്സലാമു അലൈക്കും യാറസൂലല്ലാഹ് ( അല്ലാഹുവിന്റെ ദൂതരെ താങ്കൾക്ക് രക്ഷയുണ്ടാവട്ടേ) എന്ന് അഭിവാദ്യം ചെയ്യാറുള്ളത് എന്റെ ചെവികൾകൊണ്ട് ഞാൻ കേട്ടതാണ്.

**സുഹൃത്തുക്കളെ,** നബി(സ)യുടെ ചരിത്രം ഇങ്ങനെ എഴുതുകയാണെങ്കിൽ ഒരളവ് പോലും പൂർത്തിയാക്കാൻ നമുക്ക് സാധ്യമല്ല. അങ്ങനെത്തെ പ്രവാചകനെക്കുറിച്ച് തോന്നിയത് പോലെ പറയുക എന്നത് ഈമാനുള്ള ഒരാൾക്ക് സഹിക്കാവുന്നതല്ല. ഇതാരെയെങ്കിലും താഴ്ത്തുവാനോ അവഹേളിക്കുവാനോ അതല്ലെങ്കിൽ പ്രകോപിക്കുവാനോ കുറിക്കുന്നതല്ല. മനുഷ്യമനസ്സിൽ ഒളിച്ച്‌വെച്ചതിനെ കൃത്യമായി അറിയുന്ന നാഥനെസാക്ഷി നിറുത്തി ഇത് നിങ്ങളിലേക്ക് അയക്കുന്നു.
അല്ലാഹു നമ്മെ അഷ്റഫുൽ ഖൽഖ് (സ)യോടൊന്നിച്ച് സ്വർഗ്ഗത്തിൽ കഴിയുവാൻ തൗഫീഖ്ചെയ്യട്ടെ. ആമീൻ. തെറ്റിദ്ധരിച്ച്പോയനമ്മുടെമുജാഹിദ് സുഹൃത്തുക്കൾക്ക് അല്ലാഹു സത്യം വ്യക്തമാക്കിക്കൊടുക്കട്ടെ. ആമീൻ.


സി.പി.അബ്ദുല്ല ചെരുമ്പ

www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861